പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2116 — 08.12.2014 ൽ മറുപടിക്ക്

മയക്കുമരുന്ന് മാഫിയക്കാരായ അന്യസംസ്ഥാന തൊഴിലാളികളെ കണ്ടെത്താൻ പ്രത്യേക സംഘം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പിടിക്കപ്പെടുന്ന കഞ്ചാവ് മയക്കുമരുന്ന് മാഫിയ കൂട്ടുകെട്ടിന് പിന്നിൽ അന്യസംസ്ഥാന തൊഴിലാളികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിലെ ചില ഭാഗങ്ങളിൽ പിടിക്കപ്പെടുന്ന കഞ്ചാവ് - മയക്കുമരുന്ന് കൂട്ടുകെട്ടിന് പിന്നിൽ ചില അന്യസംസ്ഥാന തൊഴിലാളികൾ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളത്തിലെ മയക്കുമരുന്ന് വ്യാപാരത്തിന്റെ മൊത്തക്കച്ചവടക്കാരായി മാറുന്ന അന്യ സംസ്ഥാന തൊഴിലാളികളെ പരിശോധനയ്ക്ക് വിധേയമാക്കാൻ റെയിൽവേ സ്റ്റേഷനുകളിലും മറ്റും പ്രത്യേക സംഘങ്ങളെ നിയോഗിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | (ബി) | കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും അനുബന്ധ പ്രദേശങ്ങളിലും ബീറ്റ്/ പട്രോളിംഗ് എന്നിവ നടത്തി അന്യ സംസ്ഥാന തൊഴിലാളികളെ നിരീക്ഷിച്ചും, അവരുടെ പ്രവർത്തനങ്ങൾ പരിശോധന നടത്തിയും വിവരങ്ങൾ ശേഖരിച്ചും പ്രത്യേക ജാഗ്രത പുലർത്തിവരുന്നുണ്ട്. |

സെക്ഷൻഓഫീസർ